## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4755**

**22/03/2018 ൽ മറുപടിക്ക്**

### ഖാദി ഗ്രാമങ്ങൾ

**ചോദ്യം**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ ഏതെല്ലാം ഗ്രാമങ്ങളിലാണ് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നത്; | (എ) | 2017-18 വർഷം മുതൽ 2021-22 വരെയുള്ള 5 വർഷങ്ങളിൽ സംസ്ഥാനത്ത് 14 ജില്ലകളിലും ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനാണ് 'ഖാദി ഗ്രാമം' പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രാരംഭഘട്ടം എന്ന നിലയിൽ നടപ്പ് വർഷം കണ്ണൂർ, കാസർഗോഡ് , വയനാട് എന്നീ ജില്ലകളിലാണ് ഖാദി ഗ്രാമങ്ങൾ ആരംഭിക്കുന്നത്. കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരി പഞ്ചായത്തിൽ ഖാദി ഗ്രാമം തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ ഏതൊക്കെ ഗ്രാമങ്ങളിലാണ് ഖാദിഗ്രാമം ആരംഭിക്കുന്നതെന്ന് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. |
| (ബി) | ഖാദി ഗ്രാമങ്ങൾ വഴി എത്ര തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | ഖാദി ഗ്രാമങ്ങൾ വഴി ഖാദി മേഖലയിൽ പുതുതായി അഞ്ച് വർഷം കൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | ഗ്രാമങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കുള്ള വിപണി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (സി) | ഖാദി ഗ്രാമങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിപണന കേന്ദ്രങ്ങൾ വഴിയും പ്രത്യേക പ്രദർശന വിപണന മേളകൾ വഴിയും വിറ്റഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**